LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

195 (3033) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ചേമഞ്ചേരി പഞ്ചായത്തിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജീവനക്കാരില്ലാത്ത സ്ഥിതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം പല പദ്ധതികളുടേയും നടപടികൾ നീങ്ങാത്ത സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അടിയന്തരമായി പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അത്തോളി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് പ്രസ്തുത പഞ്ചായത്തിന്റെ അഡീഷണൽ ചാർജ് നൽകിയിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നാൽ മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്താൻ കഴിയൂ. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് പട്ടിക നിലവിലില്ലാത്തതിനാൽ 30,000 രൂപ പ്രതിമാസം ഓണറേറിയം നൽകി അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കാൻ 25-7-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 2282/2015/തസ്വഭവ. പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ടി സ്ഥാപനങ്ങൾക്കുതന്നെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതും പദ്ധതി നടപടികൾ പൂർത്തിയാക്കാവുന്നതുമാണ്.

അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം

196 (3034) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച ഓണറേറിയം എന്നു മുതലാണ് വിതരണം ചെയ്യുന്നത്;

(ബി) അംഗൻവാടി വർക്കർമാരുടെ ചുമതലകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) ഓണറേറിയം വർദ്ധനവിനോടൊപ്പം അംഗൻവാടി വർക്കർമാർക്ക് അധിക ചുമതലകൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?